"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിതാ ശിശു വികസന വകുപ്പ് - കാണാതായ കുട്ടികളെയും മനുഷ്യക്കടത്തുമായും ബന്ധപ്പെട്ട SOP തയ്യാറാക്കുന്നതിനായി 11.07.2026 ന് ന്യൂഡൽഹിയിൽ നടന്ന ദക്ഷിണ മേഖലാതല (Southern Zone) കൂടിയാലോചന യോഗത്തിൽ പങ്കെടുത്തതിലേക്ക് വനിതാ ശിശു വികസന ഡയറക്ടർ ശ്രീമതി വി. വിഗ്നേശ്വരി, ഐ.എ.എസ് ന് മുൻകാല പ്രാബല്യത്തോടെ യാത്രാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാ-ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.260/2026/WCDD തീയതി,തിരുവനന്തപുരം, 03-08-2026

---

പരാമർശം:- 1. 16.02.2019-ലെ സ.ഉ.(പി) നം. 12/2019/ധന

2. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 08-07-2026, 16-07-2026 എന്നീ തീയതികളിലെ DWCD/2961/2026-ICPS 15 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

SLP (Crl.) No. 11263/2025 (G. Ganesh vs. State of Tamil Nadu & Ors.) കേസിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി നൽകിയ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ, കാണാതാകുന്ന കുട്ടികളെയും മനുഷ്യക്കടത്തിനെയും സംബന്ധിച്ച വിഷയങ്ങളിൽ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജർ (SOP) തയ്യാറാക്കുന്നതിനാവശ്യമായ നിർദേശങ്ങളും അഭിപ്രായങ്ങളും സ്വരൂപിക്കുന്നതിനായി 11.07.2026-ന് ന്യൂഡൽഹിയിൽ വച്ച് സംഘടിപ്പിച്ച ദക്ഷിണ മേഖലാതല (Southern Zone) കൂടിയാലോചന യോഗത്തിൽ വനിത ശിശു വികസന വകുപ്പ് ഡയറക്ടർ പങ്കെടുത്തതായും മേൽ സാഹചര്യത്തിൽ ഡയറക്ടർക്ക് മുൻകാല പ്രാബല്യത്തോടെയുള്ള യാത്രാനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കാണാതാകുന്ന കുട്ടികളെയും മനുഷ്യക്കടത്തിനെയും സംബന്ധിച്ച വിഷയങ്ങളിൽ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജർ (SOP) തയ്യാറാക്കുന്നതിനാവശ്യമായ നിർദേശങ്ങളും അഭിപ്രായങ്ങളും സ്വരൂപിക്കുന്നതിനായി 11.07.2026-ന് ന്യൂഡൽഹിയിൽ വച്ച് സംഘടിപ്പിച്ച ദക്ഷിണ മേഖലാതല (Southern Zone) കൂടിയാലോചന യോഗത്തിൽ പങ്കെടുത്തതിലേക്ക് വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ ശ്രീമതി വി. വിഗ്നേശ്വരി, IAS-ന് മുൻകാല പ്രാബല്യത്തോടെ (ex post facto) യാത്രാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്,തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ജി & എസ് എസ് എ/എ&ഇ) കേരളം,തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
Hena R Raj
Date: 03-08-2026
11:12:11

സെക്ഷൻ ഓഫീസർ